**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1106.** 10.06.2019 ൽ മറുപടിയ്ക്ക്

**മദ്യ ഉല്പാദക യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | പുതിയ ബ്രൂവറികളും ബ്ലെന്റിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകളും തുടങ്ങുന്നതിന് ഈ സർക്കാർ അനുമതി നൽകിയിരുന്നോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് മൂന്ന് ബ്രൂവറികളും രണ്ടു കോമ്പൗണ്ടിംഗ്, ബ്ലെണ്ടിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾക്കും തത്വത്തിൽ അനുവാദം നൽകിയിരുന്നു. അവ ചുവടെ കൊടുക്കുന്നു<br>ബ്രൂവറികൾ - 1. അപ്പോളോ ഡിസ്റ്റിലറീസ് ആൻഡ് ബ്രൂവറീസ് എലപ്പുള്ളി, പാലക്കാട്<br>2. ശ്രീധരൻ ബ്രൂവറി, വാരം, കണ്ണൂർ<br>3. പവർ ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം<br>കോമ്പൗണ്ടിംഗ്, ബ്ലെണ്ടിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾ<br>1. ശ്രീ ചക്രാ ഡിസ്റ്റിലറിസ്, തൃശ്ശൂർ<br>2. മലബാർ ഡിസ്റ്റിലറിസ് ലിമിറ്റഡ്, ചിറ്റൂർ, പാലക്കാട് |
| (ബി) | പ്രസ്തുത അനുമതി റദ്ദ് ചെയ്യുവാനുണ്ടായ കാരണമെന്താണെന്ന് അറിയിക്കുമോ; | (ബി) | പ്രളയത്തെതുടർന്ന് കേരളപുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കേണ്ട സന്ദർഭത്തിൽ അനാവശ്യവിവാദങ്ങൾ ഒഴിവാക്കുന്നതിനായാണ് തത്വത്തിൽ മാത്രം നൽകിയിരുന്ന അനുമതികൾ റദ്ദാക്കിയത്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് പുതിയ മദ്യ ഉല്പാദക യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകത നിലവിലുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. സംസ്ഥാനത്ത് വിൽപ്പന നടക്കുന്ന ബിയറിന്റെ 40% വും വിദേശ മദ്യത്തിന്റെ 7% വും അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് ഇറക്കുമതി ചെയ്യുന്നത്. സംസ്ഥാന ഉപഭോഗത്തിനനുസൃതമായ നിരക്കിനുള്ള മദ്യം സംസ്ഥാനത്തു തന്നെ ഉല്പാദിപ്പിക്കണമെന്ന നിർദ്ദേശം ഈ ആവശ്യകതയുടെ ഭാഗമായി ഉണ്ടായിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുവാനും കാലാനുസൃതമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിനും ഉന്നത തല സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് ഈ സമിതിയിലെ അംഗങ്ങളെന്ന് വെളിപ്പെടുത്തുമോ; | (ഡി) | ഉണ്ട് . 09/10/2018 തീയതിയിലെ സ.ഉ (സാധാ) നം. 744/18 നി.വ, 17/10/18 തീയതിയിലെ സ.ഉ (സാധാ) നം. 764/18 നി.വ. എന്നീ ഉത്തരവുകൾ പ്രകാരം സമിതിയെ രൂപീകരിച്ചിട്ടുണ്ട്. നികുതി വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷയായും, എക്സൈസ് കമ്മിഷണർ, നിയമവകുപ്പ് സെക്രട്ടറി, ജോയിന്റ് എക്സൈസ് കമ്മിഷണർ ( ഇ.സി .ആർ .ബി ), നികുതി വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി എന്നിവരെ അംഗങ്ങളാക്കിയുമാണ് സമിതി രൂപീകരിച്ചിട്ടുള്ളത്. |
| (ഇ) | പ്രസ്തുത സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ശിപാർശകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**